"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മാനവമൈത്രീ സംഗമം-2025-ന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ നടത്തിയ മൾട്ടിമീഡിയ ഇന്ററാക്ടീവ് മെഗാഷോയ്ക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.273/2026/CLAD തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:- 1 സ.ഉ (പി) നം.62/2018/ധന തീയതി 16.04.2018

2 സ.ഉ (സാധാ) നം.263/2025/സാം.കാ.വ തീയതി 15/05/2025

3 സ.ഉ (സാധാ) നം.600/2025/സാം.കാ.വ തീയതി 19/10/2025

4 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 06.03.2026-ലെ ഇ2-1832/2025-സാം.വ നമ്പർ കത്ത്.

5 ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ 23.03.2026-ലെ BB No.120/MM/2026 നമ്പർ കത്ത്.

**ഉത്തരവ്**

മാനവമൈത്രീ സംഗമം-2025-ന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ വച്ച് സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം 60 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പരിപാടി നടത്തിയതിന് 14,02,256/- രൂപ അധികാമായി ചെലവായിയെന്നും ആയത് കൂടി അനുവദിച്ച് നൽകണമെന്നുമാവശ്യപ്പെട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടർ, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി എന്നിവർ യഥാക്രമം പാരമർശം 4,5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനവമൈത്രീ സംഗമം-2025-ന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ വച്ച് സമ്മേളനങ്ങൾ സംഘടിപ്പിച്ചതിന് അധികമായി ചെലവായ തുകയിൽ 10,00,000/- രൂപ (പത്ത് ലക്ഷം രൂപാ മാത്രം), പരാമർശം (2) പ്രകാരം 2025-26 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ള കേരള സാംസ്കാരിക വ്യാപനം (2205-00-102-18-പ്ലാൻ) ശീർഷകത്തിൽ നിന്നും പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

ഉൾക്കൊള്ളുന്ന പരാമർശം (1) ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ഭാരത് ഭവന് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് അവശ്യ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആയത് വിശദമായി പരിശോധിച്ചതിനുശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത തുക പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി. ഡി. ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ ഭാരത് ഭവൻ മെമ്പർ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ഭാരത് ഭവൻ മെമ്പർ സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ് ) കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം
ധനകാര്യ വിദ്യാഭ്യാസ(ഡി) വകുപ്പ്
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി2/206/2025/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 24-03-2026 16:56:30

സെക്ഷൻ ഓഫീസർ

പകർപ്പ്: സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ് - ന്

സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-ക്ക്